#IIMKinMedia

Date: July 04, 2026

Newspaper: Mangalam, Pg.11

### ചരിത്രം കുറിച്ച് ഐ.ഐ.എം. കോഴിക്കോട്

# വിദ്യാർഥികളിൽ വനിതാ പ്രാതിനിധ്യം 66 ശതമാനം

● വിനോദ് താമരശേരി

കോഴിക്കോട്

രാജ്യത്തെ ഐ.ഐ.എമ്മുകളിൽ ഏറ്റവും കൂടുതൽ വനിതാ വിദ്യാർഥികൾ പഠിക്കുന്ന സ്ഥാപനമായി കോഴിക്കോട് ഐ.ഐ.എം. ചരിത്രം കുറിച്ചു. ഐ.ഐ.എം. കോഴിക്കോടിന്റെ പ്രധാന പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമിൽ (പി.ജി.പി.) കോഴ്സിന്റെ 30-ാം ബാച്ചിൽ ഇത്തവണ 66 ശതമാനവും വനിതാ പ്രാതിനിധ്യമാണ്. പ്രവേശനം നേടിയ 499 വിദ്യാർഥികളിൽ 329 പേരും വനിതകളാണ്. ഇതോടെയാണ് വനിതാ പ്രാതിനിധ്യം 66 ശതമാനമായി ഉയർന്നത്.

ലിംഗപരമായ വൈവിധ്യം പ്രോത്സാഹിപ്പിക്കുന്നതിൽ ഇന്ത്യയിലെ മുൻനിര മാനേജ്മെന്റ് സ്ഥാപനമെന്ന നിലയിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് കോഴിക്കോടിന്റെ സ്ഥാനം ശ്രദ്ധേയമാകുകയാണ്. ഒരു ദശാബ്ദമായി ഈ മേഖലയിൽ ദേശീയതലത്തിൽ മികച്ച മാതൃകകൾ സൃഷ്ടിക്കാൻ സ്ഥാപനത്തിന് സാധിച്ചിട്ടുണ്ട്. ഐ.ഐ.എം.കെ.യിലെ ലിബറൽ സ്റ്റഡീസ് ആൻഡ് മാനേജ്മെന്റിലെ പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാം ബാച്ചിൽ 82 ശതമാനവും വനിതകളാണ്. ഫിനാൻസ് പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമിൽ മാത്രമാണ് വനിതാപ്രാതിനിധ്യം കുറവുള്ളത്.



● ഐ.ഐ.എം.കോഴിക്കോടിലെ പോസ്റ്റ് ഗ്രാജുവേറ്റ് പ്രോഗ്രാമിലെ വനിതാ വിദ്യാർഥികൾ.

ഇവിടത്തെ മൂന്ന് മുഴുവൻ സമയ എം.ബി.എ. പ്രോഗ്രാമുകളിലുമായി ഏകദേശം 63 ശതമാനമാണ് സ്ത്രീ പ്രാതിനിധ്യം. ആഗോളതലത്തിലെ പ്രമുഖ ബിസിനസ് സ്കൂളുകളിൽ വനിതാപ്രാതിനിധ്യം ഏറ്റവും ഉയർന്ന നിരക്കുകളിലൊന്നാണിത്.

2013 ൽ ഐ.ഐ.എം. കോഴിക്കോടിലെ പി.ജി.പി. 17-ാം ബാച്ചിലാണ് മാനേജ്മെന്റ് വിദ്യാഭ്യാസത്തിലെ പരമ്പരാഗത ലിംഗപരമായ തടസങ്ങൾ ഭേദിച്ച്, 54ശതമാനം വനിതകൾ പ്രവേശനം നേടുന്നത്. അന്ന് രാജ്യത്ത് 50 ശതമാനം വനിതകൾ പ്രവേശനം നേടുന്ന ആദ്യ ഐ.ഐ.എം കോഴിക്കോടായിരുന്നു. 2021ലും 50 ശതമാനം വനിതാ വിദ്യാർഥികൾ കോഴിക്കോട് പ്രവേശനം നേടിയിരുന്നു. 2024ൽ പ്രവേശനം നേടിയ വനിതാവിദ്യാർഥികളുടെ എണ്ണം 59 ശതമാനമായി ഉയർന്നു.

ഇത്തവണത്തെ പി.ജി.പി. കോഴ്സിന്റെ ഉദ്ഘാടനം ആക്സഞ്ചർ സീനിയർ മാനേജിങ് ഡയറക്ടർ രേഖ പോളിസെറ്റി നിർവഹിച്ചു. ഐ.ഐ.എമ്മുകൾക്കിടയിൽ ഒരു ദേശീയ മാതൃക സ്ഥാപിച്ചതിന് ഐ.ഐ.എം. കോഴിക്കോടിനെ അദ്ദേഹം അഭിനന്ദിച്ചു.

ഐ.ഐ.എം. സംവിധാനത്തിന്റെ ചരിത്രത്തിലെ എക്കാലത്തെയും ഉയർന്ന വനിതാ പ്രാതിനിധ്യം വൈവിധ്യവും മികവും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു എന്നത് ഐ.ഐ.എം.കെ.യുടെ ദീർഘകാല വിശ്വാസത്തെ പ്രതിഫലിപ്പിക്കുന്നതായി ചടങ്ങിൽ അധ്യക്ഷത വഹിച്ച ഐ.ഐ.എം. കോഴിക്കോട് ഡയറക്ടർ പ്രൊഫ. ദേബാഷിസ് ചാറ്റർജി പറഞ്ഞു.